കുടുംബ ശ്രീ	വാത്മീകി അംബേദ്കർ ആവാസ് യോജന 40,000 രൂപ ചെലവ് വരുന്ന ഭവനത്തിന്റെ 50% കേന്ദ്രസഹായവും 50% സംസ്ഥാന സർക്കാർ സഹായവുമാണ്.
Chief Engineer (PWD)	Infrastructural Facilities of Judiciary എന്ന 50% കേന്ദ്ര സഹായമുള്ള പദ്ധതി 1993-94 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) '(ബി)'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഇല്ല.

(ഇ) സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ചലച്ചിത്രനിർമ്മാണം വികസിപ്പിക്കുന്നതിന് നടപടികൾ

22 (*521) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചലച്ചിത്രനിർമ്മാണത്തിന് സഹായകരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചലച്ചിത്ര നിർമ്മാണത്തിനായി അനുവാദം നൽകിയിരുന്ന സർക്കാർ ഉടമസ്ഥയിലുള്ള വിവിധ സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഷൂട്ടിംഗിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) അപ്രകാരം അനുമതി നൽകാത്ത സ്ഥാപനങ്ങളിൽ ഷൂട്ടിംഗിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ അനുമതി കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകാരണം ചലച്ചിത്ര നിർമ്മാണ പ്രവർത്തനങ്ങൾ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ,

(എ) ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും നിർവ്വഹിക്കുവാനുള്ള സൗകര്യം കേരള ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ സൗകര്യാർത്ഥം 1999 മുതൽ ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 5 ലക്ഷത്തിന്റേയും, 10 ലക്ഷത്തിന്റേയും ബാങ്ക് ഗ്യാരണ്ടിയുടെ കൂടെ രണ്ട് ലക്ഷം രൂപയും അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 10 ലക്ഷം രൂപ വരേയും 20 ലക്ഷം രൂപാവരേയും

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള ക്രഡിറ്റ് സൗകര്യങ്ങൾ ഇതനുസരിച്ച് നൽകിവരുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ സബ്സിഡിയും നൽകി വരുന്നു. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾക്ക് കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 15 ലക്ഷം രൂപ വരെ ക്രഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും, നാഷണൽ ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ച് മലയാള ചലച്ചിത്ര നിർമ്മാണത്തിന് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ എന്ത് കാരണത്താലാണ് ബന്ധപ്പെട്ട വകുപ്പ് അധികൃതർ ഷൂട്ടിംഗ് അനുമതി നൽകാത്തതെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ലീഗൽ സർവ്വീസസ് അതോറിറ്റി

23 (*522) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പാപപ്പെട്ടവരും നിയമകാര്യങ്ങളിൽ നിരക്ഷരരും നിയമസഹായം ആവശ്യമുള്ളവരുമായവർക്ക് മതിയായ സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഏതെല്ലാം തലങ്ങളിലുള്ള ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) ജില്ലാ താലൂക്കുതല ലീഗൽ സർവ്വീസസ് അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഇ) ഓരോ ആഫീസിലും മതിയായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ജി) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) കോടതിയിൽ നിലവിലുള്ള കേസ്സുകളും കോടതിയിൽ എത്തിയിട്ടില്ലാത്ത തർക്കങ്ങളും പരിഹരിക്കുന്നതിനുവേണ്ടി ജില്ലാ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly